# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2408

18.12.2012-ൽ
മറുപടിക്ക്.

## കേരളത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ. പി.ബി. അബ്ദുൾ റസാക്

(എ) 2006-2011 കാലഘട്ടത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് നിക്ഷേപം നടത്താൻ സന്നദ്ധമായത്; നിക്ഷേപത്തിന്റെ വ്യാപ്തി എത്ര;

ഉത്തരം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)

(എ) 2006-2011 കാലഘട്ടത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ താഴെ പറയുന്ന സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് നിക്ഷേപം നടത്തിയത്.

| Sl. No | Name of the Project | Investment (Rs. in Crores) |
|---|---|---|
| 1 | Hindustan Aeronautics Ltd, (HAL), KINFRA Small Industries Park, Kasargod | 60.00 |
| 2 | Bharat Electronics Ltd.(BEL), KINFRA Hitech Park, Kalamassery | 11.00 |
| 3 | BEML (Bharat Earth Movers Ltd.), Integrated Industrial Park, Palakkad | 140.00 |

.ഇതിനു പുറമെ, 2006-2011 കാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിച്ചിരുന്ന Kerala Hi-Tech Industries Ltd (KELTEC) എന്ന പൊതുമേഖല സ്ഥാപനത്തിനെ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബ്രഹ്മോസ് എയറോസ്പേസ് ഏറ്റെടുത്ത്, ബ്രഹ്മോസ് എയറോസ്പേസ് തിരുവനന്തപുരം ലിമിറ്റഡ് എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. KELTEC-നുണ്ടായിരുന്ന 15.80 ഏക്കർ ഭൂമിയും ജീവനക്കാരുൾപ്പെടെയുള്ള എല്ലാ ആസ്തികളും, ബാധ്യതകളും പുതിയ സ്ഥാപനത്തിന് കൈമാറിയിരുന്നു.

| | |
|---|---|
| | ഈ യൂണിറ്റിൽ 2008-09 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ്; ഏതെല്ലാം പദ്ധതികൾ ഇനി കമ്മീഷൻ ചെയ്യാനുണ്ട്;<br><br>(സി) 2006-2011 കാലത്ത് കേരളത്തിനനുവദിച്ച പദ്ധതികളിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണ്; ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ? | (ബി) & (സി) മേൽ പറഞ്ഞ നാലു പദ്ധതികളും അവയുടെ ഒന്നാംഘട്ടം പൂർത്തികരിച്ച് കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**